

E-മഷി
E-MAGAZINE
SCHOOL
A+
little KITEs
Govt. M G H S S
chadayamangalam


Our school,
GOVT. M G H S S
Chadayamangalam
LK/2018/40023
little
KITEs
E-മഷി

# ***OUR HEADMISTRESS***



# EDITORIAL BOARD





**K.S.VINEETHAKUMARI**
**(CHIEF EDITOR)**

**SUNIL.A**
**(MANAGING EDITOR)**








**RAMSIYA.S**
**(student editor)**

**GOUTHAM.B S**
**(student editor)**

**MUHAMMEDJASIM.N**
**(cover design)**



**Naseeb Noushad**



**Khadeeja sulthana**




**Lihna Fathima**



Abhinand



Abin.S.Kumar



Shifana.S

## ഉള്ളടക്കം

എന്റെ സ്കൂൾ.....9
സ്ഥലനാമ ചരിത്രം.....10
വാർത്ത.....12
വാർത്ത.....14
ഗാന്ധി വചനങ്ങൾ.....16
കവിത.....18
ലേഖനം.....19
കഥ.....20
.....20
ലേഖനം.....22
.....22
കവിത.....24
മിന്നാമിനുങ്ങ്.....24
മഹാന്മാർ.....26
കഥ.....27
ഔഷധ സസ്യങ്ങൾ.....28
കവിത.....30
പത്ത് ചൊല്ലുകൾ.....31
നന്മകൾ വെണ്ണീറാകുമ്പോൾ.....32
കഥ.....34
പ്രധാന കണ്ടുപിടിത്തങ്ങൾ.....36
കടങ്കഥകൾ.....37
കവിത.....38
കൈരളി.....40
മഹത് വചനങ്ങൾ.....41
ഗണിത ക്വിസ്.....42
കഥ.....44
കവിത.....45
മുഖമൊഴി.....46
Poem.....47
story.....49
story.....53
poem.....55

poem........................................................................................................................................56
Health......................................................................................................................................58
poem........................................................................................................................................63
study........................................................................................................................................64
...............................................................................................................................................65
story.........................................................................................................................................73
poem........................................................................................................................................74
A Good Student........................................................................................................................75

**ഒരു വാക്ക്......**

**വിവര വിനിമയ സാങ്കേതിക വിദ്യ(ICT) ഒരു പഠന വിഷയം എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്ത മേഖലകളെയും കീഴടക്കുന്ന അവിഭാജ്യഘടകമായി മാറികൊണ്ടിരിക്കുന്നു.ഒരു കാലത്തിലാണ് നമ്മുടെ കുട്ടികൾ വളർന്നു വരുന്നത്. ചിത്രരചന,എഴുത്ത്,വായന തുടങ്ങി സർഗപരവും ആസ്വാദകപരവുമായ മാനസിക വ്യാപരങ്ങളെ പോലും സ്വാധീനിക്കാൻ മൊബൈൽ,കംമ്പ്യൂട്ടർ തുടങ്ങിയ സാങ്കേതികഉപകരണങ്ങൾകായിട്ടുണ്ട്.**
**ഇ-വായനയും ഇ-രചനയുമൊക്കെ കാലികമായ അനുഭവ സങ്കേതങ്ങളാണ്.**

**ഇത്തരത്തിൽ കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് നമ്മുടെ കുട്ടികളുടെ വിവരവിനിമയസാങ്കേതികവിദ്യ സങ്കേതങ്ങളെ കൂടുതൽ മികവിലേക്ക് ഉയർത്തുന്ന സംരംഭമായ 'ലിറ്റിൽ കൈറ്റസ്' ഈ വർഷത്തെ സ്കൂൾ മാഗസിൻ സ്കൂളിൽ തയ്യാറാക്കുന്ന വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണ്.അതിന്റെ ഫലമായി രൂപം കൊണ്ട 'ഇ-മഷി' ഏവരുടെയും സമക്ഷം അവതരിപ്പിക്കുന്നു. നമ്മുടെ സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗ രചനകളാണ് 'ഇ-മഷിയിൽ' ഉൾപെടുത്തിയിരിക്കുന്നു. കുട്ടി പട്ടങ്ങളുടെ ആദ്യ സംരംഭം എന്ന നിലയിൽ ഇതിലുണ്ടായിട്ടുള്ള ചെറുപോരായ്മകൾ സദയം പൊറുക്കുമല്ലോ....**

**ചടയമംഗലം**
**19.01.2019**

**സ്നേഹപൂർവ്വം,**
**കെ.എസ്.വിനീതകുമാരി**
**(ചീഫ് എഡിറ്റർ)**

**എ.സുനിൽ**
**(മാനേജിങ് എഡിറ്റർ)**8

# എന്റെ സ്കൂൾ

പവിത്ര.സി.എസ്
IX A

ചടയമംഗലം എന്ന പ്രദേശത്തിന്റെ വികാസ പരിണാമങ്ങളിൽ സവിശേഷമായ സ്ഥാനമുണ്ട് ഗവ: മഹാത്മാഗാന്ധി ഹയർ സെക്കൻഡറി സ്കൂളിന്. 1960 ജൂൺ മാസത്തിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ ചടയമംഗലം പഞ്ചായത്ത് ആരംഭിച്ചതാണ് ഈ വിദ്യാലയം . ദീർഘവീക്ഷണ പടുക്കളായ അഭ്യുദയകാംക്ഷികളിൽ നിന്നും സ്ഥലം വിലയ്ക്ക് വാങ്ങി ആരംഭിച്ച ഈ വിദ്യാലയം 1967-ൽ സർക്കാർ ഏറ്റെടുക്കകയുണ്ടായി . സെക്കൻഡറി തലം വരെ വിദ്യാഭ്യാസം ലഭ്യമായിരുന്ന ഈ വിദ്യാലയത്തിൽ 2000-ൽ ഹയർ സെക്കൻഡറി ആരംഭിച്ചു . 2009-10 ൽ 5 മുതൽ 10 വരെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു . 5 മുതൽ 12 വരെ പഠനം സാധ്യമാക്കുന്ന ചടയമംഗലം പരിധിയിലെ ഏക സർക്കാർ വിദ്യാലയമാണ് ഈ സ്ഥാപനം ചടയമംഗലം പഞ്ചായത്ത് സറ്റേഡിയത്തിന് സമീപമായി ചടയമംഗലം കടയ്ക്കൽ റോഡിനോട് ചേർന്നാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

ആറ് പതിറ്റാണ്ടോളം നീളുന്ന കാലഘട്ടത്തിനിടയ്ക്ക് ഈ വിദ്യാലയത്തിന് ഉയർച്ച താഴ്ച്ചകളെല്ലാം നാട്ട് ചരിത്രത്തിന്റെ ഭാഗമാണ് . കലാകായിക സാമൂഹിക സാംസ്കാരിക മേഖലകളിൽ ഒട്ടേറെ പ്രതിഭകളെസംഭാവന ചെയ്യാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

# സ്ഥലനാമ ചരിത്രം

## ജഡായുമംഗലം(ചടയമംഗലം)

ചരിത്രം ഉറങ്ങുന്ന പ്രസിദ്ധമായ ഒരു നാട്ടിലാണ് ഞങ്ങളുടെ സ്കൂൾ സ്ഥിതിചെയ്യുന്നത്.ലോകത്തിലെ ഏറ്റവും വലിയ പക്ഷിശില്പം 'ജടായു'ഞങ്ങളുടെ സ്കൂളിന്റെ എതിർ വശത്തായി തലയുയർത്തി നിൽക്കുന്നു എന്ന വസ്തുത ഞങ്ങൾക്ക് ഏറെ അഭിമാനം നൽകുന്നു.പുരാണവുമായി ബന്ധപ്പെട്ട ഒരു കഥ രാമായണത്തിൽ പറയുന്നുണ്ട്.സീതാപഹരണ സമയത്ത് രാവണനും ജടായുവും ആയി യുദ്ധത്തിൽ ഏർപ്പെട്ട് രാവണന്റെ വെട്ടേറ്റ് ജടായുവിന്റെ ചിറക് മുറിഞ്ഞ് വീണ സ്ഥലമാണിത്.അതുകൊണ്ടാണത്രേ ഈ സ്ഥലം ജടായുമംഗലം എന്നറിയപ്പെടുന്നത്.അത് ക്രമേണ ചടയമംഗലം ആയി മാറുകയായിരുന്നു.



ശ്രീ.രാജീവ് അഞ്ചലിന്റെ 10 വർഷത്തെ കഠിനാധ്വാനത്തിന്റെ ഫലമായാണ്ഇപ്പോൾ യാഥാർഥ്യമായത് .മനുഷ്യനുംഎല്ലാ ജീവജാലങ്ങളുംപരസ്പര സഹകരണത്തോടെകഴിയണം



എന്ന സന്ദേശമാണ് ജടായു ശില്പത്തിലൂടെ ലോകത്തിന് നൽകുന്നത്.

ജടായു ശില്പം സ്ഥിതിചെയ്യുന്ന പാറയ്ക്ക് ഏതാണ്ട് 1000 അടി ഉയരമുണ്ട്.സാഹസികത നടത്താനുള്ള സൗകര്യം ഇവിടെയുണ്ട്.ആയുർവേദചികിത്സ, കലാപരിപാടികൾ ഹെലിപ്പാഡ്,കേബിൾകാർ തുടങ്ങി എല്ലാവിധ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്...

# വാർത്ത

## അഭിനയ മികവിൽ

## എം ജി എച്ച് എസ്സ് എസ്സ് ചടയമംഗലം

**ഈ കഴിഞ്ഞ സംസ്ഥാന കലോത്സവത്തിൽ നാടകം വിഭാഗത്തിൽ A ഗ്രേഡ് നേടി നാടിന്റെ അഭിമാനമായി മാറിയിരിക്കുകയാണ് എം.ജി.എച്ച്.എസ്സ്.എസ്സി-ലെ വിദ്യാർത്ഥികൾ. റജൂ ശിവദാസ് ഗ്രാമിക കഥയെഴുതി സംവിധാനം ചെയ്ത 'ആനസമരം' എന്ന സമൂഹത്തിൽ നില നിൽക്കുന്ന അനാചാരങ്ങൾക്കെതിരെ പ്രതികരിക്കുന്ന നാടകമാണ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്. ഈ നാടകം സബ്ജില്ലയിലും ജില്ലയിലും ഏറ്റവും മികച്ച നാടകമായി തിരഞ്ഞെടുക്കുകയും, ജില്ലയിൽ നാടകത്തിൽ പുഷ്പലത എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ആനി ജോയിയെ മികച്ച നടിയായി തിരഞ്ഞെടുക്കുകയും ചെയ്തു. സ്കൂൾ അധികൃതരും പിറ്റിഎ അംഗങ്ങളുടെയും അദ്ധ്യാപകരുടെയും പ്രചോദനവും പ്രോത്സാഹനവും കൊണ്ടാണ് സംസ്ഥാന കലോത്സവത്തിന്റെ വേദിയിൽ നാടകം അവതരിപ്പിച്ചത്. കഴിഞ്ഞ വർഷവും നാടകത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും കൊല്ലം ജില്ലയെ പ്രതിനിധീകരച്ച് സംസ്ഥാന തലത്തിൽ പങ്കെടുത്തതും എം.ജി.എച്ച്.എസ്സ്.എസ്സ് ചടയമംഗലം സ്കൂളിലെ വിദ്യാർത്ഥികളാണ്.**



**ആനി ജോയ്**
**മികച്ചനടി(ജില്ലാകലോൽസവം)**




**HS വിഭാഗം നാടകമൽസരത്തിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയ GMGHSS ടീം**

## വാർത്ത

# ട്രാക്കിലെ നായകൻ

ചടയമംഗലം എം.ജി.എച്ച്.എസ്സ് സ്കൂളിന്റെയും ചടയമംഗലം നാടിന്റെയും അഭിമാനമായി മാറിയിരിക്കുകയാണ് ഷാൻ സുദർ എന്ന 14 വയസ്സുകാരൻ.




7-ാം ക്ലാസ്സ് മുതൽ അത്‌ലറ്റിക്സിൽ, നിലമേൽ ഒളിംപ്യൻ അനസിന്റെ ഗുരുവായ ,അൻസറിന്റെ കീഴിൽ പരിശീലനം നടത്തുന്ന ഷാൻ സുദർ 2017-18-ൽ നടന്ന സ്കൂൾ ജില്ലാ സ്പോർട്സ് മീറ്റിൽ 400 മീറ്ററിൽസ്വർണ്ണം നേടുകയും സംസ്ഥാന സല മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. 2018-ൽ നടന്ന കൊല്ലം ജില്ലാ സ്പോർട്സ് മീറ്റിൽ 800 മീറ്ററിൽ സ്വർണ്ണം നേടി.2018-ൽ ദേശീയ സ്പോർട്സ്മീറ്റിൽ

ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലെ മത്സരാർത്ഥികളുമായി മത്സരിക്കുകയും ചെയ്തു.

നിലമേൽ മുരുക്കുമൺ സ്വദേശിയാണ് ഷാൻ സുദർ

# ഗാന്ധി വചനങ്ങൾ



- ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അദ്ധ്യാപകരും.
- ക്രോധത്തിനുള്ള ഏറ്റവും വലിയ മറുപടി മൗനമാണ്.
- മനസാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല.
- ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്....... സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു.
- ദേഷ്യം അഹിംസയുടെ ശത്രുവാണ്. അഹങ്കാരം എന്നത് അതിനെ വിഴുങ്ങുന്ന സത്വവും.
- നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.
- നിങ്ങൾ മനുഷ്യനായതു കൊണ്ട് മാത്രം വലിയവനാകുന്നില്ല.മനുഷ്യത്തമുള്ളവനാകുമ്പോഴാണ്

വലിയവനാകുന്നത്.

- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

# കവിത

## പുതുവർഷം

ലിഹ്ന

പുതുവർഷം വന്നുചേർന്നു
നല്ലൊരു പ്രഭാതത്തോടെ
വർഷങ്ങൾ നീണ്ടുപോയ്
അനേകസ്മരണകളോടെ
മറഞ്ഞുപോയ് വർഷങ്ങൾ
എങ്കിലും നിൽക്കുന്നു
മായാത്ത സ്വപ്നവും
മറയാത്ത സ്മരണയും
ഓരോ നാളും കഴിയുന്ന പല
പല ദിനങ്ങളാൽ
പൊഴിഞ്ഞീടുന്നമറഞ്ഞ
ദിനങ്ങളോരോന്നുംപോലെ
മറയാനായ് പുതുവർഷം
വന്നുചേർന്നു.
സഹിക്കാം,പൊറുക്കാം,മറക്കാം
എല്ലാം ജിവിതവിജയം
കൈവരിക്കാൻവേണ്ടി
ഒരുമയായി,ശാന്തിയായി
പുതുവർഷമെ
സുസ്വാഗതം.

# ലേഖനം

## പൂമ്പാറ്റകളുടെ എണ്ണം കുറയുന്ന പരിസ്ഥിതിയുടെ ആരോഗ്യവും





മഞ്ഞു കാലമായ നവംബർ മുതൽ ഫെബ്രുവരി വരെ പശ്ചിമഘട്ടത്തിന്റെ താഴ്വാരങ്ങളിലേക്ക് ചേക്കേറിയിരുന്ന പൂമ്പാറ്റകളുടെ വരവും എണ്ണവും കുറയുന്നതായി പരിസ്ഥിതി സ്നേഹികൾ ചൂണ്ടികാട്ടുന്നു.
അരളിശലഭം,ആൽബട്രോസ് ശലഭം,നീലക്കടുവ,കരിനീലക്കടുവ,തകരമുത്തി തുടങ്ങിയ ശലഭങ്ങളുടെ കൂട്ടങ്ങളിൽ ഈ മാറ്റം പ്രകടമായുണ്ട്. പൂമ്പാറ്റ കൂട്ടങ്ങൾ പൊതുവേ നല്ല പരിസ്ഥിതിയുടെ സൂചകങ്ങളാണ്.
മലിനീകരണല്ലാത്ത ആവാസവ്യവസ്ഥയിലാണ് ഇവ ധാരാളമായി കാണുന്നത്. പൂമ്പാറ്റകളുടെ എണ്ണം കുറയുന്നത് പരിസ്ഥിതി ദുർബലമാകുന്നതിന്റെ പ്രത്യക്ഷ സൂചകമാണ്. ആവാസവ്യവസ്ഥയിലെ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ ഭക്ഷണ ദൗർലഭ്യം കാലാവസ്ഥ വ്യതിയാനം ഒക്കെ ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നു.
സസ്യപരാഗണത്തിന് തേനീച്ച കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സഹായിക്കുന്ന പൂമ്പാറ്റകളുടെ നാശം ജൈവസന്തുലനം തന്നെ തകിടം മറിക്കുമോ എന്ന ആശങ്കയിലാണ്
ശാസ്ത്രലോകം.



## കഥ

### ഒരു കുരുവിയുടെ വേദന

പണ്ട് പണ്ട് ഒരിടത്ത് ഒരു അമ്മക്കുരുവിയും കുഞ്ഞിക്കുരുവിയുംതാമസിച്ചിരുന്നു.അമ്മക്കുരുവിക്ക് കുഞ്ഞി ക്കുരുവിയെ വലിയഇഷ്ടമായിരുന്നു.ഒരു ദിവസം അമ്മക്കുരുവി തീറ്റ തേടി പുറത്തു പോയസമയത്ത് കുഞ്ഞിക്കുരുവിക്കൊരാശ. ഒന്ന് പറന്ന് നടക്കണമെന്ന്.പക്ഷേ അതിന് കുഞ്ഞിക്കുരുവിയുടെഅമ്മ സമ്മതിച്ചിട്ടില്ല.അമ്മ കുരുവി പുറത്തു പോയ സമയം നോക്കി കുഞ്ഞിക്കുരുവി പറക്കാൻ തയാറെടുത്ത് ഒന്ന് പറക്കാൻ നോക്കി.കുഞ്ഞികുരുവിയുടെ കൂട് സ്ഥിതിചെയ്യുന്നതിന് താഴെയായിരുന്നുക്രൂരനായചെന്നായയുടെ താമസം. കുഞ്ഞിക്കുരുവി പറക്കാൻശ്രമിച്ചതും താഴേക്ക് വീണു.ചെന്നായ തക്കംപാർത്ത്ഇരിക്കുകയായിരുന്നു. സുന്ദരിയായ കുഞ്ഞികുരുവിയെ ആ ചെന്നായ കടിച്ച്തിന്നു.തിരിച്ച് വന്ന അമ്മക്കുരുവി കുഞ്ഞിക്കുരുവിയെ വീടിനകത്ത്തിരഞ്ഞു.പക്ഷെകണ്ടില്ല.അമ്മ കുരുവി താഴേക്ക്നോക്കിയപ്പോൾ കുഞ്ഞിക്കുരുവിയുടെ തൂവലുകൾ ചിന്നി ചിതറിയിരിക്കുന്നു.അമ്മക്കുരുവി ഞെട്ടി.തന്റെ കുഞ്ഞിനെയോർത്ത് വേദനയോടെ പിന്നീടുള്ള കാലം ആ അമ്മ ജീവിച്ചു.

## ലേഖനം

# കൃഷി അന്നും ഇന്നും

അനന്ദു. എസ്

കൃഷി പ്രധാന തൊഴിലായിരുന്ന കാലം കേരളത്തിലുണ്ടായിരുന്നു .വേണ്ടതെല്ലാം കൃഷി ചെയ്തുണ്ടാക്കിയിരുന്ന ആ കാലത്ത് പ്രധാനം നെൽ കൃഷിയായിരുന്നു. ഓരോ കാലത്ത് ഓരോരോ വിളകൾ കൃഷി ചെയ്ത് വിളവെടുത്താ ണ് ഭക്ഷിച്ചിരുന്നത്. ഇന്നത്തെപ്പോലെ ഒന്നും തന്നെ കടയിൽ നിന്നു വാങ്ങിയിരുന്നില്ല. കീടനാശിനികളോ രാസവളങ്ങളോ ഇല്ലാതെ ജൈവവളങ്ങളായ ചാണകവും ചാരവുമെല്ലാം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത് .ഇന്ന് യന്ത്രങ്ങളും മറ്റു സൗകര്യങ്ങളും വന്നതോടെ കൃഷി പണികൾ എളുപ്പത്തിൽ ചെയ്യാമെ ന്നായി. മനുഷ്യർക്ക് മറ്റുതൊഴിൽ അന്വഷി ക്കേണ്ടതായും വന്നു, കൃഷിപ്പണിയിൽ നിന്നും നാം അകലാൻ കാരണം ഇതാണ്. കീടനാശി നികളും രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങിയതോടെ വിളവു കൂടിയെങ്കിലും നമ്മുടെ ആരോഗ്യത്തെ അത് ഹാനികരമായി ബാധിക്കാൻ തുടങ്ങി. മണ്ണിന്റെ സ്വാഭാവികത നഷ്ടമായി . നാം കൂടുതൽ വിളവ് നേടാൻ നടത്തിയ ശ്രമം കാലക്രമേണേ മണ്ണിനേയും നശിപ്പിച്ചു. രോഗങ്ങൾ പെരുകി ആരോഗ്യ ദൃഢഗാത്രരായിരുന്ന ജനങ്ങളിൽ ഏറിയ പങ്കും നിത്യ രോഗികളായി . കൃഷിയിടങ്ങൾ നിക ത്തി കെട്ടിടങ്ങൾ നിർമ്മിച്ചു തുടങ്ങിയതോടെ കൃഷിഭൂമി കുറഞ്ഞു. അത് കൃഷിയെ പ്രതികൂല മായി ബാധിച്ചിട്ടുണ്ട്. മുറ്റം പോലും കോൺ ക്രീറ്റ് ചെയ്ത് സൂക്ഷിക്കുന്ന നമ്മുടെ പുതു തല മുറയ്ക്ക് കൃഷി

എന്നാൽ ടെറസിൽ വച്ചുപിടിപ്പി ക്കുന്ന കുറച്ച് പച്ചക്കറികൾ എന്നു മാത്രമേ അറിയൂ.പാടങ്ങൾ കൃഷിയോഗ്യമാക്കി കൃഷയെ തിരികെ കൊണ്ടു വരാനുള്ള ശ്രമങ്ങൾ ഇന്ന് നടന്നു വരുന്നു.

# കവിത

## മിന്നാമിനുങ്ങ്

*ലിഹ്ന*

*ഇത്തിരി പൊന്നുമായ് മിന്നാമിനുങ്ങ്*
*രാത്രി എത്തുന്നു.*
*ഇത്തിരി വെട്ടം നൽകാൻ വേണ്ടി രാത്രി*
*വരുന്നു.*
*പൊന്ന് പോലെയാം മിന്നാമിനുങ്ങിൻ*
*വെട്ടം തരുവാനായി.*
*രാത്രി എത്തുന്നു.*
*പൊന്നു പോലെ വിടരുന്ന*
*മിന്നാമിനുങ്ങിൻവെട്ടം.*
*നക്ഷത്രങ്ങളെപ്പോലെ തിളങ്ങീടുന്ന*
*മിന്നാമിനുങ്ങേ.*
*ഇത്തിരി വെട്ടം തരുവാനായി*
*എന്നും വരേണമേ.*
*മിന്നാമിനുങ്ങേ........മിന്നാമിനുങ്ങേ.*


## എന്റെ മലയാളം

*നമ്മുടെ ഭാഷ മലയാളം*
*നമ്മുടെ സുന്ദര മലയാളം*
*പറയാൻ തുടങ്ങിയ കാലത്ത്*
*ആദ്യം കേട്ടത് മലയാളം*
*ചുണ്ടാൽ ആദ്യം ചൊല്ലിയഭാഷ*
*നമ്മുടെ സുന്ദര മലയാളം*
*പല പല ഭാഷ പഠിച്ചാലും*
*പല പല രാജ്യം കണ്ടാലും*
*ആദ്യം ചൊല്ലിയ മലയാളം*

*സുന്ദര സുരഭില മലയാളം*
*നമ്മുടെ ഭാഷ മലയാളം*
***നമ്മുടെ സുന്ദര മലയാളം.***


# മഹാന്മാർ

## നിത്യചൈതന്യയതി



പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, മനഃശാസ്ത്രജ്ഞൻ, എഴുത്തുകാരൻ എന്നീ നിലകളിൽ സ്വന്തമായ ഒരു വ്യക്തിമുദ്ര പതിപ്പിച്ചു. മനഃശാസ്ത്രം ജീവിതത്തിൽ, യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യശിൽപം, സമ്യക്കായ ലോക വീക്ഷണം , എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും, വസ്തുഹാര, ഓർമചെപ്പ് തുടങ്ങി നൂറിലേറേ മലയാള കൃതികൾ രചിച്ചിട്ടുണ്ട്. Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

## എഴുത്തച്ഛൻ



തുഞ്ചത്ത് രാമാനുജൻഎഴുത്തച്ഛൻ 16-ാം നൂറ്റാണ്ടിന്റെ അവസാനകാലത്തും 17-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുമായി ജനിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻ പറമ്പാണ് ജന്മസ്ഥലം.മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നു.

പ്രധാന കൃതികൾ-ആധ്യാത്മരാമായണം കിളിപ്പാട്ട്,മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട് എന്നിവ.

## കഥ

## അനിയത്തിപ്രാവും ചേട്ടത്തിപ്രാവും

ഒരിടത്തൊരിടത്ത് ഒരു അനിയത്തിപ്രാവും ഒരു ചേട്ടത്തിപ്രാവും താമസിച്ചിരുന്നു.അനിയത്തിപ്രാവ് പാവമായിരുന്നു.പക്ഷെ ചേട്ടത്തിപ്രാവ് മഹാ അഹങ്കാരിയും ദേഷ്യക്കാരിയുമായിരുന്നു. വെറുതെ ഇരിക്കുമ്പോൾ അനിയത്തിപ്രാവിനെ വഴക്ക്പറയുകയും അടിക്കുകയും ചെയ്യും. എങ്കിലും അനിയത്തിപ്രാവിന് ചേട്ടത്തിപ്രാവിനെ ഒരുപാട് ഇഷ്ടമായിരുന്നു . അങ്ങനെയിരിക്കെ ഒരു ദിവസം ചേട്ടത്തിപ്രാവിനു എവിടുന്നോ കുറച്ച് പയറുമണികൾ ലഭിച്ചു. അവ ചേട്ടത്തിപ്രാവ് വീട്ടിൽ കൊണ്ടുവന്നു. എന്നിട്ട് അനിയത്തിപ്രാവിനോട് പറഞ്ഞു; ഞാൻ പുറത്ത് പോയി വരുമ്പോഴേക്കും നീ ഈ പയറുമണികൾ വറുത്തു വെക്കണം. അല്ലെങ്കിൽ ഞാൻ നിന്നെ കൊന്നുകളയും.ഇതും പറഞ്ഞ് ചേട്ടത്തിപ്രാവ് പുറത്തു പോയി.അപ്പോൾ അനിയത്തിപ്രാവ് പയറുമണികൾ വറുക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ ചേട്ടത്തിപ്രാവ് തിരികെ വന്നു. പയറുമണികൾ നോക്കിയപ്പോൾ കുറച്ചെ ഉള്ളു .ചേട്ടത്തിപ്രാവിനു ദേഷ്യം വന്നു . ചേട്ടത്തിപ്രാവ് അനിയത്തിപ്രാവിനെ കൊത്തി കൊത്തി കൊത്തി കൊന്നു.

# ഔഷധ സസ്യങ്ങൾ

## നീലയമരി

ഒരു കുറ്റിച്ചെടിയായി വളരുന്ന ഈ ഔഷധ സസ്യത്തിന് നല്ല സൂര്യ പ്രകാശം ആവശ്യമുണ്ട്. ഇലയുടെ നീര് പ്രധാനമായും കേശ സംരക്ഷണം തൈലങ്ങളുടെ ഉത്പാദനത്തിന് ഉപയോഗിക്കുന്നു



പാമ്പ്,പഴുതാര,പല്ലി,തേൾ,ചിലന്തി, വിഷജന്തുക്കൾ ഇവയിൽ നിന്നുള്ള വിഷബാധയുടെ ചികിത്സയ്ക്ക് വേരുപയോഗിക്കുന്നു.

## അശോകം



ഹിന്ദുക്കളുടെയും ബുദ്ധ മതക്കാരുടെയും പുണ്യ വൃക്ഷമാണ് അശോകം. അശോകത്തിന്റെ പട്ട ചേർത്തുണ്ടാക്കുന്ന അശോകാരിഷ്ടം ജ്വരം, രക്തപിത്തം,അഗ്നിമാന്ദ്യം, പ്രമേഹം എന്നീ രോഗങ്ങളെ ശമിപ്പിക്കുന്നു.

## കണിക്കൊന്ന

സ്വർണ്ണവർണ്ണത്തിലുള്ള കണിക്കൊന്ന പൂക്കൾ കേരളീയർക്ക് വിഷുകണിയിൽ ഒഴിച്ചു കൂടാത്തവയാണ്. ഈ മരത്തിന്റെ വേര് ഇല പൂക്കൾ കായ എന്നീ ഭാഗങ്ങൾ പല മരുന്നിലെയും



**ചേരുവയാണ്.**

**<u>കറിവേപ്പ്</u>**

**ആറു മീറ്ററോളശം പൊക്കത്തിൽ വളരുന്ന ഒരു ചെറിയ വൃക്ഷമാണ് കറിവേപ്പ്. ദഹനം ത്വരിതപെടുത്താൻ കറങ്ങിവേപ്പില വളരെ ഉത്തമമാണ്.അതിസാരം നിയന്ത്രിക്കാനും മുടി വളർച്ചയ്ക്കുമൊക്കെ കറിവേപ്പ് വളരേ നല്ലതാണ് കറിവേപ്പില വെളിച്ചെണ്ണയിൽ ചേർത്ത് കാച്ചി തലയിൽ തേച്ചാൽ മുടികൊരിച്ചിൽ ഒരിവാക്കാം.**




**<u>മാതളം</u>**

**വീട്ടു മുറ്റത്ത് സാധാരണയായി നട്ടു വളർത്തുന്ന ഔഷധ സസ്യമാണിത്. മാതളം വളരെ ഔഷധ ഗുണമുള്ളതാണ്. ഇതു വളരേ ഫലപ്രധമാണ്. മാതളത്തിന്റെ ഇലയും പൂവും വേരുമൊക്കെ ഒഷധ ഗുണമുള്ളവയാണ്.**



**<u>തുളസി</u>**

**കേരളത്തിലേ വീട്ടു വളപ്പുകളിൽ കണ്ടുവരുന്ന ഒരു പ്രധാന ഒഷധ സസ്യമാമിത്. രാമതുളസിയും കൃഷ്ണ തുളസിയുമാണ് പ്രധാന വിളകൾ. ജ്വരം ശമിപിക്കാനും വിഷങ്ങൾക്ക് പ്രതിവിഷമായും ഇതുപയോഗിക്കുന്നു.തുളസിയുടെ നീരിൽ മഞ്ഞരളച്ച പുരട്ടിയാൽ ചിലന്തി വിഷം ശമിക്കും.**



## കവിത

## എന്റെ നാട്

*കേരളം എന്റെ നാട്*
*ഭംഗിയുള്ള നാട്*
*വൃത്തിയുള്ള നാട്*
*സത്യമുള്ള നാട്*
*കേരളം എന്റെ നാട്*
*വിദ്യയും സത്യവും ഒന്നു ചേർന്ന നാട്*
*ജാതിയും സ്നേഹവും ഒന്നു ചേർന്ന നാട്*
*ഞാനും എന്റെ സോദരും വാണിടുന്ന നാട്*
*കേരളം എന്റെ നാട്*
*ഞങ്ങളുടെ നാട്*
*ഞങ്ങൾക്ക് വേണം ഒരുമയോടെ*
*വാണിടുന്ന നാട്*
*കേരളം എന്റെ നാട്*
*നന്മയുള്ള നാട്.*

# പത്ത് ചൊല്ലുകൾ

1 കടം കൊടുത്താൽ ഇടം കൊടുക്കണം

2 കാലത്തിനൊത്ത് കോലം കെട്ടണം

3 കൊടുത്താൽ കൊല്ലത്തും കിട്ടും

4 ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല

5 ചക്കിന് വെച്ചത് കൊക്കിന് കൊണ്ടു

6 ചക്കികൊത്ത ചങ്കരൻ

7 ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട


8 ജീവിതം ജീവിച്ചറിയണം

9 ജനിച്ചാലൊരിക്കൽ മരിക്കണം

10 ജീവനില്ലാത്തോൻ ചാകണം

# നന്മകൾ വെണ്ണീറാകുമ്പോൾ.

മനുഷ്യരാശിയുടെ നന്മയ്ക്കും സഹായത്തിനും വേണ്ടി ശാസ്ത്രജ്ഞർ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ കണ്ടുപിടിത്തങ്ങൾ മനുഷ്യ രാശിയുടെ നാശത്തിനും സംഹാരത്തിനും വേണ്ടി ഉപയോഗപെടുത്തിയ ചില സംഭവങ്ങൾ.



ഒരുദാഹരണം : അൽബർട്ട് ഐൻസ്റ്റീൻ നാം ചരിത്രങ്ങളിൽ വായിക്കുന്നു. യഥാർത്ഥത്തിൽ ഐൻസ്റ്റീൻ ബോംബുണ്ടാക്കുകയല്ല ചെയ്തത്. ഭൗതിക ശാസ്ത്രത്തിന്റെ യുക്തി കൊണ്ട് നേർത്തൊരളവ് ദ്രവ്യത്തെ വലിയൊരളവ് ഊർജമാക്കി മാറ്റാം എന്നദ്ദേഹം കാണിച്ചു തന്നു അത്രമാത്രം.ചിലർ ഈ സിദ്ധാന്തം ഉപയോഗിച്ചു ആറ്റം ബോംബുണ്ടാക്കി. ഐൻസ്റ്റീൻ ഇതിനോട് അനുകൂലിച്ചിരുന്നില്ല. ഐൻസ്റ്റീൻ തന്നെയാണ് അവസാനം ആറ്റംബോംബ് വിതച്ച ദുരന്തം കണ്ടതിനെതിരേ അമേരിക്കാൻ പ്രസിഡന്റിന് കത്തെഴുതിയത്.”ഞാൻ ഏറെ ദുഖിച്ച നാളുകൾ"-ഐൻസ്റ്റീന്റെ വാക്കുകളാണ്.



മറ്റൊരുദാഹരണം 1960-ൽ പോൾ മുള്ളർ കണ്ടു പിടിച്ച

ഡി.ഡി.റ്റി മലേറിയ  നിയന്ത്രിക്കാൻ ലോകത്തെ സഹായിച്ച നല്ലൊരൗഷധമായി വൈദ്യശാസ്ത്രം അതിനെ പുകഴ്ത്തി എഴുതി.ഡി.ഡി.റ്റി.കണ്ടുപിടിച്ചതിന്റെ പേരിൽ പോൾ മുള്ളറിനു നോബൽ സമ്മാനം ലഭിച്ചു. പക്ഷെ ചിലർ അത്

കീടനാശിനിയായി കൺവർട്ട് ചെയ്തു.  സസ്യങ്ങളിൽ, മൃഗങ്ങളിൽ, മുലപ്പാലിൽ വരെ ഡി.ഡി.റ്റി വിഷം വിതച്ചു. ഡി.ഡി.റ്റി ഉപയോഗം നിരോധിക്കപ്പെട്ടു. സദുദ്ദേശ്യത്തോടെ കണ്ടുപിടിച്ച ഒരു മരുന്നു ദുരുപയോഗം ചെയ്യപ്പെട്ടതിന്റെ ദാരുണ ചിത്രം.

## കഥ

# ചതിയനു കിട്ടിയ വിധി

ഒരു കച്ചവടക്കാരന്റെ കൈവശം നൂറുപവൻ സ്വർണ്ണ-മുണ്ടായിരുന്നു. ഒരിക്കൽ അയാൾക്ക് ഒരു ദൂരെയാത്ര പോകേണ്ടിവന്നു. യാത്രയ്ക്കുമുമ്പായി തന്റെ സ്വർണ്ണമെല്ലാം ഒരു സുഹൃത്തിനെ ഏൽപ്പിച്ചു. മൂന്നാഴ്ച കഴിഞ്ഞ് തിരിച്ചെത്തിയ കച്ചവടക്കാരൻ സുഹൃത്തിനോട് സ്വർണ്ണം തിരികെചോദിച്ചു. സ്വർണ്ണമൊക്കെ എലി തിന്നുപോയി സുഹൃത്ത് പറഞ്ഞു. അത് തട്ടിപ്പാണെന്ന് മനസ്സിലാ-യെങ്കിലും കച്ചവടക്കാരൻ തർക്കിക്കാൻ നിൽക്കാതെ മടങ്ങിപോയി. സുഹൃത്തിന്റെ മകൻ കുളിക്കാൻ കുളത്തിലേക്ക് പോകുന്നനേരത്ത് അവനെ കച്ചവടക്കാരൻ പിടിച്ചുകൊണ്ടുപോയി തന്റെ വീട്ടിൽ ഒരു മുറിയിലിട്ട് പൂട്ടി. മകനെ കാണാതായ സുഹൃത്ത് അന്വേഷണമായി. കച്ചവട-ക്കാരനാണ് തന്റെ മകനെ തട്ടികൊണ്ട് പോയതെന്ന് മനസ്സിലാക്കിയപ്പോൾ സുഹൃത്ത് പരാതിയുമായി രാജകൊട്ടാരത്തിൽചെന്നു. രാജാവ് കച്ചവടക്കാനെ വിളിച്ചു-ചോദ്യം ചെയ്തു. തിരുമേനി അദ്ദേഹത്തിന്റെ മകനെ ഒരു പരുന്ത് റാഞ്ചികൊണ്ടുപോകുന്നത് ഞാൻ കണ്ടതാണ് കച്ചവടക്കാരൻ പറഞ്ഞു. പരുന്ത് കുട്ടിയെ റാഞ്ചുകയോ അത് ഈ നട്ടിൽ സംഭവിക്കില്ല. രാജാവ് പറഞ്ഞു. തിരുമേനി സ്വർണ്ണം തിന്നുന്ന എലികളുള്ള ഈ നട്ടിൽ കുട്ടികളെ റാഞ്ചികൊണ്ട് പോകുന്ന പരുന്തുകളുണ്ട്. കച്ചവടക്കാരൻ അങ്ങനെ പറഞ്ഞതുകേട്ടാപ്പോൾ രാജാവ്കാര്യങ്ങൾ വിശദമായി ചോദിച്ച് മനസ്സിലാക്കി.സ്വർണ്ണം കച്ചവടക്കാരന് തിരിച്ചുകൊടുക്കാനും കുട്ടിയെ

സുഹൃത്തിനെ ഏൽപ്പിക്കാനും രാജാവ് കൽപ്പിച്ചു. ചതിയ-
നായ സുഹൃത്തിനെ ജയിലിലടയ്ക്കാനും വിധിച്ചു.

# പ്രധാന കണ്ടുപിടിത്തങ്ങൾ

| | | |
|---|---|---|
| കമ്പ്യൂട്ടർ മൗസ് | – | ഡഗ്ലസ് എംഗൽബർട്ട് |
| കീബോർഡ് | – | ക്രിസറ്റഫർ ഷോൾസ് |
| ഫ്ളോപ്പിഡിസ്ക് | – | അലൻ ഷുഗാർട്ട് |
| കോംപാക്റ്റ് ഡിസ്ക് | – | ജെയിംസ് റ്റി. റസ്സൽ |
| വാക്വം ട്യൂബ് | – | ജോൺ എ. ഫ്ളെമിങ് |
| മോഡം | – | ഡെന്നീസ് .സി. ഹെയെസ്. |

# കടങ്കഥകൾ

ഷിഫാന

1.അകം എല്ലും തോലും പുറം പൊന്തം പൊന്തം?

വൈക്കോൽത്തുറു

2.അകത്തു രോമം പുറത്തിറച്ചി?

മൂക്ക്

3.അകത്ത് തിരിയിട്ടു പുറത്ത് മുട്ടയിട്ടു?

കുരുമുളക്

4.അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയില?

പപ്പടം

5.അടി മുള്ള് നടു കാട് തല പൂവ്?

പൂവൻകോഴി

6.അമ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്?

ചിരവ

## കവിത

## പ്രകൃതിയമ്മ


*എന്ത് സുന്ദരമാണെൻ പ്രകൃതി*
*പച്ച പുതപ്പ് വിരിച്ച് നിൽപ്പു സുന്ദര പ്രകൃതി*
*നദികളെല്ലാം ഒഴുകുന്നു പാൽ പുഴപോലെ*
*തണുത്ത കാറ്റ് വീശിടുന്നു കുളിർമയോടെ*
*നിലാവിൻ വെളിച്ചമേകിരാത്രി പൂക്കൾ വിരിയുന്നു.*
*പുഞ്ചിരിയോടെ പൂത്തു നിൽക്കുന്നു സുന്തര പൂക്കൾ*
*എന്ത് സന്തരമെന്റെ പ്രകൃതിയമ്മ*

## നക്ഷത്രങ്ങൾ

അന്തി പിറക്കും നേരത്ത്
മിന്നും മുത്തുകൾ മാനത്ത്
ഒന്നല്ലാ ഒരുപാടുണ്ടല്ലോ
കാണാൻ എന്തൊരു രസമല്ലോ
കൈകൾ കൊണ്ട് ആ മുത്തുകളൊന്നും

വാരിയെടുക്കാനാവില്ലാ
കണ്ണുകൾ കൊണ്ട് ആ മുത്തുകളൊന്നും
എണ്ണിയെടുക്കാനാവില്ലാ
എന്തു രസം എന്തു രസം
കാണാൻ എന്തു രസമല്ലോ.

# കൈരളി



നമ്മുടെ മാതാവു കൈരളി പണ്ടൊരു
പൊന്മണി പൈതലായ് വാണകാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടികളിച്ചു രസിച്ച കാലം
പെറ്റമ്മ തന്നുടെ വെൺ മുലപ്പാൽ തീരേ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ പാടിയിരുന്ന
പഴങ്കഥ പാട്ടുകൾ
പാൽകുരമ്പല്ലോ  ചെകിട്ടിനെല്ലാം

# മഹത് വചനങ്ങൾ

*പുസ്തകങ്ങളില്ലാത്ത മുറി ആത്മാവില്ലാത്ത ശരീരം പോലെയാണ്
-സിസെറോ

*വ്യക്തികൾക്ക് മരണമുണ്ട്,പുസ്തകങ്ങൾക്ക് മരണമില്ല
-റൂസ് വെൽറ്റ്

*ഒരു പ്രഭുവിന്റെ രക്തത്തെക്കാൾ വിലകൂടിയതാണ് ഒരു പിച്ചക്കാരന്റെ പുസ്തകം
-വില്യം ഷേക്സ്പിയർ

*ജീവിതം പൂർണ്ണമാകാൻ നല്ല പുസ്തകങ്ങളും നന്മയുള്ള മനസ്സും നല്ല സുഹൃത്തുക്കളും മതി
-മാർക്ക്ട്വയിൻ

*വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും വായില്ലെങ്കിൽ വളയും
-കുഞ്ഞുണ്ണിമാഷ്

* വായിച്ച് വളരുക,ചിന്തിച്ച് വിവേകം നേടുക
-പി.എൻ പണിക്കർ

*പുസ്തകം ഒരു പലഹാരത്തെക്കാൾ പ്രിയപ്പെട്ടതാണ്
-എം.ടി വാസുദേവൻ നായർ

## ഗണിത ക്വിസ്

പൂജ്യം ആദ്യമായി ആവതരിപ്പിച്ച ഭാരതീയ ഗണിതശാസ്ത്രജ്ഞൻ ആരാണ്?

ബ്രഹ്മഗുപ്തൻ

മാത്തമറ്റിക് എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉത്ഭവം ഏത് വാക്കിൽ നിന്ന്?

മാത്തമാറ്റ എന്ന ഗ്രീക്ക് പദത്തിൽ നിന്ന്

പൂജ്യം കണ്ടുപിടിച്ചതാര്?

ഇന്ത്യക്കാർ

പൈയുടെ മൂല്യം ശരിയായി കണക്കു കൂട്ടിയ ഇന്ത്യക്കാരൻ?

ആര്യഭടൻ

ജ്യോമട്രിയുടെ പിതാവ് ആര്?

യൂക്ലിഡ്

ദൈവത്തിന്റെ നമ്പർ എന്നറിയപ്പെടുന്നത്?

999

ചെകുത്താന്റെ നമ്പർ എന്നറിയപ്പെടുന്നത്?

666

പോസിറ്റീവും നെഗറ്റീവും അല്ലാത്ത സംഖ്യ?

0(പൂജ്യം)

അഞ്ച് അടിസ്ഥാനമായുള്ള സംഖ്യസമ്പ്രദായം?

ക്യൂനറി

സംഗീതവും ഗണിതവും തമ്മിലുള്ള ബന്ധം ആവിഷ്കരിച്ച ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ ആരാണ്?

പൈതഗോറസ്

# കഥ

## നീലപൊന്മാനും മുട്ടയും

ഒരു ദിവസം നീലപൊന്മാൻ കിണറിനരികിൽ മുട്ട ഇട്ടുവെച്ചിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ മുട്ട കിണറ്റിൽ വീണു.അപ്പോൾ അതുവഴി ഒരു കൃഷിക്കാരൻ വന്നു. നീലപൊന്മാൻ ചോദിച്ചു.കൃഷിക്കാരാ,കിണറ്റിൽ വീണ മുട്ട എടുത്തുതരാമോ? അപ്പോൾ കൃഷിക്കാരൻ പറഞ്ഞു.എനിക്ക് അതിനൊന്നും സമയമില്ലാ.ആ സമയം അതുവഴി ഒരു പട്ടി വന്നു. നീ എന്റെ മുട്ട ഒന്ന് കിണറ്റിൽ നിന്നും എടുത്ത് തരാമോ? എനിക്ക് പറ്റില്ല. പിന്നീട് ഒരു ആന വന്നു. എന്റെ മുട്ട ഒന്ന് എടുത്ത് തരാമോ. പറ്റില്ലാ.അവസാനം ഒരു ഉറുമ്പ് വന്നു. എന്റെ മുട്ട ഒന്ന് എടുത്ത് തരാമോ?അതുമാത്രമല്ലാ ഇവരെ കടിക്കുകയും വേണം.ഞാൻ ചെയ്യാം.ഉറുമ്പ് ആനയുടെ അടുത്തേക്ക് പോയി.അയ്യോ എന്നെ കടിക്കല്ലെ.ഞാൻ പട്ടിയെ കൊല്ലാം.അയ്യോ എന്നെ കൊല്ലല്ലെ ഞാൻ കൃഷിക്കാരനെ കടിക്കാം.അയ്യോ എന്നെ കടിക്കല്ലേ ഞാൻ മുട്ട എടുത്ത് കൊടുക്കാം.അങ്ങനെ കൃഷിക്കാരൻ മുട്ട എടുത്ത് കൊടുത്തു.നീലപൊന്മാന് സന്തോഷമായി.

## കവിത

### പൂമ്പാറ്റ

കാണാകൊമ്പിൽ പൂവിൽ തങ്ങും
വെള്ളിപ്പൂമ്പാറ്റെ
എന്റെ നെഞ്ചിൽ തട്ടി കണ്ണിൽ തട്ടി
പാറി പോവരുതോ
സുന്ദരിയായ നിന്നെ ഞാൻ
കൺകുളിർക്കെ കാണട്ടെ
നിന്റെ സുന്ദരമായ ചിറകിൽ ഞാൻ
ഒന്ന് തഴുകട്ടെ
പൂക്കളിൽ നിന്നും തേന്നൂറി കുടിക്കും
പൂമ്പാറ്റെ
നിന്റെ സുന്ദരമായ ചുണ്ടുകൾ ഞാൻ
കാണട്ടെ.

ലേഖനം-

## മലയാള ചെറുകഥ

1889-ൽ വിദ്യാവിനോദിനി മാസികയിൽപ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻ-നായനാർ എഴുതിയ വാസനാവികൃതിയാണ്മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ. വേങ്ങയിൽ കുഞ്ഞിരാമൻനായനാർ,ഒടുവിൽ  കുഞ്ഞികൃഷ്ണമേനോൻ, മൂർക്കോത്തു കുമാരൻ, തുടങ്ങിയവരിലൂടെ വളർന്ന മലയാളചെറുകഥാ പ്രസ്ഥാനം,രൂപഭാവങ്ങളിൽ ഏറെവൈവിധ്യം പുലർത്തുന്ന ഇന്നത്തെ എഴുത്തു-കാരിലൂടെ അതിന്റെ ഏറ്റവും പുതിയ മുഖത്തെപ്രതിനിധാനം ചെയ്യുന്നു.പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യ-പാദങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളും ഭാരതീയ സാഹിത്യത്തെ സംബന്ധി*ച്ചിടത്തോളം വളർച്ചയുടെ കാലഘട്ടമായരുന്നു.*

# മുഖമൊഴി

ഓർക്കാം നാടിന്റെ പഴമയെ കേരളം പരിസ്ഥിതി സൗഹൃദകൃഷിയിലേക്ക് ചുവടുമാറ്റി കൊണ്ടിരിക്കുന്ന കാലമാണിത്. ഇത്തരം ജൈവഉദ്പാദനത്തിന് എന്തുകൊണ്ടും അനുയോജ്യം നാടൻവിത്തിനങ്ങളാണ്. "വിത്തു ഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്. കാലാവസ്ഥമാറ്റത്തെയും വരൾച്ചയേയും ചെറുക്കാനുള്ള ശേഷി ഇവയ്ക്കുണ്ട്. ഒപ്പം ചിലവു കുറയ്ക്കാം ശുദ്ധമായ ഭക്ഷണം കഴിക്കാൻ എന്ന മേൻമയും. മാളുകളിൽ ചുറ്റിനടന്ന് പണം ചെലവാക്കുന്നതിന് പതിമടങ്ങ് ആഹ്ലാദവും സ്വാസ്ഥ്യവുമാണ് സ്വയം വിളയിച്ച പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും കഴിക്കുമ്പോഴും അവയുടെ പരിപാലനത്തിലൂടെയും നമുക്ക് ലഭിക്കുന്നത്

*ഈ നാടൻ വിത്തിനങ്ങൾക്കൊപ്പം കർഷകർ തലമുറകളായി കൈമാറി വന്ന നാട്ടറിവുകളും നാടൻ പാട്ടുകളും കൃഷിച്ചൊല്ലുകളും എല്ലാമ നമ്മുടേതായുണ്ട് ഇവയെല്ലാം ഒന്ന് ഓർമിച്ചെടുക്കാൻ ഈ പതിപ്പിലൂടെ ഒരു എളിയ ശ്രമം ഞങ്ങൾ നടത്തുന്നു .*

# ***ENGLISH ZONE***

## Poem

### *LIFE OF SOLDIER*

*If i dill in battle zone*
*box me up and read me home*
*put my on my chest*
*tell my mom i did my hut*
*tell my lover not to cry*
*i am a soldier bore to die.*

### ***Tommy, My Dog***

Tommy Tommy oh!my Tommy
I shall gave the all my Brownic
will though let me touch the bonny
shall i sit by with my Ronnie
have you seen me ears to gloomy
save me make me as they roomy

Tommy Tommy oh my Tommy
*I shall gave the all my brownic*

# story

## ***The ugly duckling***

It was summer time . The fields stood piled up with golden corn ready to be harvest. It looked beautiful and sweet fragrances filled in the air and everything smelt wonderful.

Butterflies flew around the flowers. Bees could be could be heard buzzing all around.Near a pool, in the shadow of shrubs , a mother duck sat on her eggs. She had been sitting there for a long time. To hatch. Sometimes she got really bored with all this brooding. She got up to see if there was any movement inside the eggs. No! the eggs still lay motionless. After a long waiting sud0denly, it happened. A shell cracked. Then one after other the eggs hatched out.

And out came funny little ducklings. They looked around in amazement. "quack...quack..." cried the ducklings. They were all amused to see their new world. They again cried in wonder:"quack...quack..."

"just wait and see ,"said the mother duck, there is a lot more to see in this big world. Mother duck fussed over her duckling. She looked carefully to see if they were all there. But one egg had still not hatched, and it was the biggest of all.

Mother duck gave a sigh and went back to sit on the egg.

A nosy old duck paid her a visit and said; "haven't you finished brooding yet?"

"still one more to hatch. That too a big one, I have been sitting on it so long," mother duck answered.

"What an odd egg that is!" Exclaimed the old duck. "Let me have a look at it."

Hey! This must be a turkey's egg. If i were you, i would leave that egg and have a nice swim with the other children."

But the mother duck did not want to do so. The old duck shook her head, and went away.

At last the largest egg cracked and a large ugly looking and gray coloured duckling came out.

Mother duck was worried. "How ugly!No doubt this is a turkey's child." She muttered looking at the odd duckling.

The duckling looked back and said,"good morning mother! I am glad that i out of that egg. Oh! Its too hot inside that. Where are all my little brothers and sisters?" As it was such a sunny day, the mother duck decided to take her family for a swim.

She jumped into the water and the little ducklings followed her. The ugly duckling also jumped in and paddled long happily with his family.

"Oh god!" said the mother duck. "This is my child. He could swim well." Then she took her little ducklings to join all the other ducklings in the pond. "See children, spread your legs wide apart like this and say quack," she instructed.

The little birds did as they were told, but the other ducks and ducklings spotted the odd-looking duckling and pecked at his neck.

"Go away, you ugly duckling." Even his brothers and sisters made fun of him and said: "we don't want you. We don't want to play with you, you ugly creature!"

As the poor duck was being bitten and teased by everyone, mother duck was sad.

"leave him alone," she said. "You mustn't tease him either."

He is big and ugly. We don't like him," said a fat duck.

Another old duck came to have a look. "They are all darlings, its' a pity that one duckling looks so ugly," she said.

"He swims much better than his brothers and sisters," said mother duck. "And he may not be very handsome now, but he will be as grows." She caressed the duckling softly with her beak.

"you all go off and play in the water," she said o her other children. the grey duckling was badly bullied. the other ducks and ducklings teased him again and again. it got worse. everyone bullied him, and even his little brothers called him rude names.the grey duck was unhappy. heran away from all the other ducks.

"i am so ugly that I make everybody frightened," he sobbed.

"i will go away. i will go and live somewhere else, where nobody thinks me ugly."

he took a last look at his mother, with tears in his eyes. his mother had never been nasty to him.

he set out to go. he walked and walked, and reached a big swamp. he found a place among the reeds, where he could sleep comfortably.

but he couldn't sleep for long, because two drakes began to bully him. the grey duckling got frightened. but before the drakes could really hurt him, shots rang out, and both of them fell dead in the water.

there were hunters by the swamp. they stayed around shooting ducks for a long time. their dogs went everywhere looking for ducks. the duckling was frightened, and hid as well as he could.

in the evening, it grew quiet at last. the hunters went away and the duckling dared to come out in the open again.

he ran as fast as he could. he had to get away from there as the swamp was dangerous.the duckling met a frog on a moor. "i don't want to be eaten by such an ugly creature," said the frog and ran away quikly.*then, oe day, when the duckling was bathing in a pond, he was joined by a flock of wild ducks who said:*

# story

## *Naughty chikku and Tikku Tortoise*

*once upon a time there lived a,naughty and called chikku. She used to bite everybody just*
*for fun. One day she saw a baby elephant. she crawled up the baby's elephant trumpted in pain. Just then,tikku tortoise saw chikku biting the poor elephant. “hey chikku”he called out”why don't you bite my back?” chikku at once crawled up tikku's hard shell and tried to bite it. But she badly hurt her mouth . She began to cry in pain.*
*Tikku tortoise held his sides and laughed. Chikku queitly crawled away.*

## profile

## Juliane Diller

Juliane Diller(born on 10 October,1954),alias Juliane Margaret Koepcke,is a German biologist,born in Peru.She is best sole survivor among 92 passengers and crew in the 24 December 1961 crash of Lansa Flight 508 in the Peruvian rain forest. Her memoir "WHEN I FELL FROM THE SKY "Is an international best

seller and is "a gripping account of a harrowing adventure and an inspiring life.

## poem

# BELL

Ring the Bell
Please ring the bicycle Bell
Let us ring the school Bell
Ding Dong Ding
Let us ring the calling Bell
Ting Tone Ting Tone
Let us ring the fire Bell
Clang Clang Clang
Ring the Bell
Ring the Bell
Please ring the Bell
Ting a ling a ling.

# poem

## Love

love is God
love is God
love is only
ways for friendship

All are brothers
All are sisters
And all are loving,
with a sweet love,


We are loving,
Birds and Animals
And we are loving,
Trees and plants

We are loving,
Mother and Father,
And we are loving the nature
We are happy
In this world,
All are loving,
with heart's.

# Health


## Skeletal muscle diseases

Muscular dystrophy





muscular dystrophy reffers a group of disorders that involve a prograssive loss of muscle mass and consequent loss of strength.

**Muscle atrophy**




muscle atrophy is defined as a decrease in the mass of the muscle; it can be a partial or comptlete wasting away of muscle , and is most commonlyexperieced when persons suffer temporary disabling circumstances such as being restricted in movement and/or confied to bed as when hospitalized.

**Musculoskeletal disorder**




Musculoskeletal disoder or MSDs are injuries and disorder that affect the human body's movement or musculoskeletal system.

## Denervation

Denervation is any loss of nerve supply regardless of the cause. If the nerves lost to denervation are part of the neuronal communication to a specific function in the body then altered or a loss of physiological functioning can occur. Denervation can be caused by injury or be a symptom of a disorder like ALS and post-polio syndrome. Additionally, it can be a useful surgical technique to alleviate major negative symptoms, such as in renal denervation. Denervation can have many harmful side effects such as increased risk of infection and tissue dysfunction.


## glycogen storage disease




The glycogen storage diseases (GSDs) are a group of inherited metabolic disorders that result from a defect in any one of several


enzymes required for either glycogen synthesis or glycogen degradation.

## Spinal and bulbar muscular atrophy




Spinal-bulbar muscular atrophy (SBMA) is a genetic disorder in which loss of motor neurons — nerve cells in the spinal cord and brainstem — affects the part of the nervous system that controls voluntary muscle movement. Especially affected are the facial and swallowing muscles, and the arm and leg muscles, particularly those nearest the center of the body.

## Walker-Warburg syndrome




Walker-Warburg syndrome is an inherited disorder that affects

development of the muscles, brain, and eyes. It is the most severe of a group of genetic conditions known as congenital muscular dystrophies, which cause muscle weakness and wasting (atrophy) beginning very early in life

**glycogen storage disease**

A glycogen storage disease (GSD, also glycogenosis and dextrinosis) is a metabolic disorder caused by enzyme deficiencies affecting either glycogen synthesis, glycogen breakdown or glycolysis (glucose breakdown), typically within muscles and/or liver cells.[citation needed

**Muscle weakness**

Muscle weakness (myasthenia) ranges from a brief bout of weakness to paralysis. Muscle weakness can be the result of a harmless overexertion, but may also be a symptom or the consequence of a serious disorder. Muscles fatigue extraordinarily fast and become less powerful.

***

## *HEARTIEST FRIENDSHIP DAY GREETINGS*

My dear friend,

My heart brims with boundless and joy when I think of you

my friend,who made the hailstorms in my life pass without causing me any harm.You were my pillars of strength through the harrowing times I went through,You gave me the courage to overcome everything with a smile.Thank you for being there with me .........

with love
your bestieee

## poem


# THE BUSY WORLD

God mode everyone
the rich and the poor
he mode wealth and health
the flowering buds
the singing birds
misty water falls orange sunsets
all thats bright and beautiful
but who remembers him
**that mode them all**

# study


## Famous Mathematicians

### Thales



The first Greek known to have used proof and strict logicalreasoning to solve mathematical questions.

### Pythagoras



Influential Greek philosopher anreligious leader. He taught that numbers and ratios of numbers were the foundation of reality. Hediscovered many number patterns and the proof that the squareroot of two is not rational.

### Euclid



Organized Greek geometry into a mathematical system based on

fundamental definitions, a few postulates and theorems that are

logically deduced. This work, known as

the Elements, had aprofound influence on mathematics for thousands of years.

## Archimedes




Discovered many fundamental properties of physics, such as the

law of the lever; discovered a way

to approximate pi as accurately as desired.

-

## Apollonus



Discovered the family of curves

known as the conic sections. He

analyzed their properties using

Greek geometry (not, however,

with modern algebra equations or

graphing techniques).


## Ptolemy



Invented a planetary system that was adopted as truth by the Christian church in Medieval

Europe. In this system the Earth does not move and the planets, moon, stars and the Sun revolve aroundthe Earth in circular paths with constantmotion. This was described in his book the Almagest.

## Al-Khwarizmi





Wrote influential Arabic books on solving

algebra problems and the

Hindu-Arabic numeration system.

### Viete




Early Modern

1540 – 1603

Introduced symbols into algebra.

### Descartes

Early Modern

1596 - 1650

Developed analytic geometry. He used a sophisticated symbolic algebra to show how algebra can be used to solve geometry problems and how algebra problems can be solved with geometry.

## Fermat



Early Modern

1601 - 1665

Developed analytic geometry. He showed how a geometric curve, such as a conic section, could be drawn on a coordinate grid from an algebra equation. He also made important contributions to number theory, including the famous "Fermat's Last Theorem"

## Kepler



Early Modern

1571 – 1630

Used real astronomical data to show that the


planets orbit the sun

in elliptical paths at varying rates of speed.

## Newton

Early Modern

1643 – 1727



Co-inventor of the calculus. He proved

Kepler's laws

mathematically in the style of Euclid

in his book the Principia



## Leibniz

Early Modern

1646 – 1716

Co-inventor of the calculus. His methods and symbolism is used today.

## Euler

Early Modern

1707 – 1783



A founding father to many branches of mathematics. He lived in the generation that followed Newton and Leibniz. Modern calculus textbooks derive from his works on

calculus. He is also responsible

for many modern symbols, such as f(x), e, i, π

## Gauss

Modern

1777 – 1855



Discovered non-Euclidean geometry.


He was a pioneer in many

areas of modern mathematics.

## Cantor

Modern

1845 – 1918



Invented the theory of infinite sets. He proved that the counting numbers and the real numbers have a different cardinality.

## von Neumann

Modern

1903 – 1957



Designed the fundamental structure of modern computer design, known as the "von Neumann architecture". He also invented a branch of mathematics known as "game theory". how a geometric curve, such as a conic section, could be drawn on a coordinate grid from

an algebra equation. He also made important contributions to number theory, including the famous “Fermat’s Last Theorem”

By

**Gautam**

***

# story

## Angle's first birthday

Here I am saying about a small cute girls Birthday name Angle.

Once' there lived a cute family . That family was very rich .That family consists only three members an father an mother and baby . The baby was cute that any of the baby . That parents was very happy because there first baby is very cute . They named the baby angle Maria . That name was suitable for that baby .

This story is beginning at the of Angle. She was about l year's old . Her mother and father gave her a Barbie does,dresses and anymore gift also because they were rich than any the first birthday of angle was to be the best birthday ever .her parents wish but angle was not happy in her birthday Because she didn't know what is an birthday why is cake cut on birthday's etc . so she was not happy at all But her parents was happy Because they know that how to cut cake what is birthday . They knew all about birthday .in the birthday parents gave her the gift and they cut the cake she played with all that toys that her parents gifted her on her birthday . they were so happy and they lived so happy. That baby was also very cute and she loved her birthday . She was so happy at all ..........

# poem

## TWO TREES

*I saw two trees in my life,*
*one is covered with green leaves*
*other is covered with dry leaves*
*I liked the first tree.*

*The two tree are about two schools*
*one school is like first tree.*
*Other is like first tree*
*I selected the school*

*When I selected the school*
*I am very happy to about it.*
*Because I selected the first one*
*Now, I am studying in the first one.*

# A Good Student

**A – Always liked by teacher.**
**G – Good language.**
**O – On time to school / college .**
**O – Obedient to teacher and parents.**
**D – Dresses neatly.**
**S – students with interest.**
**T – Treats everyone with respect.**
**U – Understands everything taught.**
**D – Does daily homework.**
**E – Eager to know new things .**
**N – Never misbehaves .**
T – Talk less in class.

# പിൻ കുറിപ്പ്,

'

ഇ-മഷിയെ' പ്രോത്സാഹിപ്പിക്കുകയും ഓരോ ഘട്ടത്തിലും പ്രചോദനം നൽകുകയും ചെയ്ത 'ലിറ്റിൽ കൈറ്റ്സ് 'അംഗങ്ങൾക്കും ചടയമംഗലം ഗവ.എം.ജി.എച്ച്.എസ്സ്.എസ്സിലെ എല്ലാ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും വിവിധ സമിതികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

എഡിററർ.


creative commons
This presentation features the
E-magazine
E-മഷി
by Govt.M G H S S
Unit no. LK/2018/40023
THANK YOU

*79*